(സി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് നൽകുന്ന അധിക ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

ഉത്തരം

(എ&ബി) ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അടിസ്ഥാന ശമ്പളത്തിന്റെ ബ്രാൻഡ് പേ + അക്കാഡമിക് ഗ്രേഡ് പേ) 25 ശതമാനവും അതിന്റെ ഡി.എ.യും നോൺ പ്രാക്ടീസിംഗ് അലവൻസായി, ഡോക്ടർമാരുടെ പ്രാക്ടീസ് നിരോധിച്ചതിന് പകരമായി നൽകുന്നുണ്ട്.

അവധിയെടുത്ത് വിദേശത്ത് ജോലിചെയ്യുന്ന ഡോക്ടർമാർ

56 (645) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ലീവെടുത്ത് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വീസിൽനിന്നും ദീർഘകാല അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച സർക്കാർനയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദന്തൽ ഡോക്ടർമാർ ഒഴികെയുള്ള ഡോക്ടർമാർക്ക് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നില്ല. എന്നാൽ സംസ്ഥാന സർവ്വീസിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള മൂന്ന് ദന്തൽ ഡോക്ടർമാർക്ക് ഇപ്രകാരം ലീവ് അനുവദിച്ചിട്ടുണ്ട്.

(ബി&സി) അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അനധികൃതമായി ജോലിക്കു ഹാജരാകാത്തവരെ പിരിച്ചുവിടാൻ നടപടി സ്വീകരിച്ചുവരുന്നു.

ആയുർവേദമരുന്നുകളുടെ ഗുണനിലവാരം

57 (646) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായ പരസ്യങ്ങളുടെ സഹായത്താൽ മാത്രം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവ്വേദമരുന്നുകളുടെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly